# ദേവയാനി

ചങ്ങമ്പുഴ

Digitized By Kerala Sahitya Akademi

ദേവയാനി

Digitized By Kerala Sahitya Akademi

# DEVAYANI

(A Romantic Melo-dramatic Fragment)

By

**CHANGAMPUZHA**

Second Impression, October 1957

Copies: 1000

Publishers:

THE MANGALODAYAM (Private) LTD.,
TRICHUR.

**Price: 50 nP.**

Digitized By Kerala Sahitya Akademi

# ദേവയാനി

[കാല്പനികമായ ഒരു
ഭാവസാന്ദ്രഗാനാത്മകനാടകശകലം]

ഗ്രന്ഥകർത്താ:

ചങ്ങമ്പുഴ കൃഷ്ണപിള്ള എം. എ.

ഇടപ്പള്ളി.

പ്രസാധകന്മാർ:

മംഗളോദയം (പ്രൈവററ്) ലിമിറഡ്,

തൃശ്ശിവപേരൂർ.

വില: 50 നപ

Digitized By Kerala Sahitya Akademi

Composed in Edavom, 1115
First Impression in Thulam, 1123 1000 Copies
Second Impression in Thulam, 1133 1000 Copies

*All rights reserved by*
Mrs. SREEDEVI CHANGAMPUZHA
"SREEDEVI MANDIRAM"
EDAPPALLY
(N. Travancore)

Printed at
The Mangalodayam press,
Trichur.

Digitized By Kerala Sahitya Akademi

[വേണുമതിതീരം. മനോഹരമായ ഒരു കുന്നിന്റെ പരന്നുകിടക്കുന്ന അടിവാരം. ചുറ്റുപാടും പൂത്തുപൂത്തുനില്ക്കുന്ന കാടുകൾ, പച്ചപ്പടപ്പുകൾ, വള്ളിക്കുടിലുകൾ. കുന്നിന്റെ അഗ്രഭാഗത്തായി, ആകാശത്തിന്റെ ചരിവിൽ, ശിഥിലങ്ങളായ വെള്ളിമേഘച്ചുരുളുകൾ അങ്ങിങ്ങായി കാണപ്പെടുന്നു. സൂര്യൻ കുന്നിന്റെ മുകളിൽനിന്നും കുറെ മേലോട്ടുയന്നുകഴിഞ്ഞു. വിദൂരത്തിൽ പച്ചക്കാടുകളുടെ വിള്ളലുകളിൽക്കൂടി സ്ഫടികാഭമായ നീലാകാശം ആകർഷകമാംവിധം പ്രത്യക്ഷപ്പെടുന്നു. കാടുകളാകമാനം പക്ഷികളുടെ കളകളത്താൽ മുഖരമധുരമാണു്. മാഞ്ഞുതുടങ്ങുന്ന മൂടൽമഞ്ഞിൽ, മദാലസകളായ കിന്നരകന്യകകളെപ്പോലെ, ആകർഷകങ്ങളായ ആദിത്യരശ്മികൾ അവിടവിടെ ആടിക്കളിക്കുന്നു. സൗരഭ്യസാന്ദ്രവും, സ്വപ്നാത്മകവും ഉത്തേജകവുമായ അന്തരിക്ഷം!

ഒന്നു്

Digitized By Kerala Sahitya Akademi

കചനും ദേവയാനിയും പശുക്കളേയുംകൊണ്ടു വേണുമതീതടത്തിൽ എത്തിയിരിക്കയാണു്. കാലികൾ പുല്ലു മേഞ്ഞുതുടങ്ങി.

അടിമുടി മൊട്ടിട്ടു നില്ക്കുന്ന ഒരു ബകുളവൃക്ഷത്തിന്റെ ചുവട്ടിൽ, ഒരു പാറക്കല്ലിന്മേൽ, കചൻ ഇരിപ്പുറപ്പിക്കുന്നു. അതിനോടടുത്തതായി മറെറാരു വൃക്ഷത്തിൽനിന്നു തടിച്ച ഒരു കാട്ടുവള്ളി കീഴോട്ടു തൂങ്ങി ചരിഞ്ഞുലഞ്ഞു കിടക്കുന്നുണ്ടു്. അതിന്റെ മറേറ അററം വേറൊരു മരക്കൊമ്പിൽ ചുററിപ്പിണഞ്ഞു് ഏതാണ്ടൊരൂഞ്ഞാലിന്റെ രീതിയിലാണു് കിടപ്പു്.

സർവ്വാംഗമോഹിനിയും സാന്ധ്യലക്ഷ്മിയെപ്പോലെ വിലാസിനിയും ആയ ദേവയാനി കാൽ കീഴോട്ടു തൂക്കിയിട്ടുകൊണ്ടു് അതിന്മേലിരുന്നു മെല്ലെ മെല്ലെ ആടിത്തുടങ്ങുന്നു. അവളുടെ ഇളം നീലനിറത്തിലുള്ള മൃദുലവസ്ത്രാഞ്ചലങ്ങൾ, നെററിത്തടത്തിൽ ഉതിർന്നുലഞ്ഞു കിടക്കുന്ന അളകാവലിയോടൊപ്പം ഇടയ്ക്കിടെ കാററു തട്ടി മന്ദമന്ദം ഇളകുന്നുണ്ടു്.

അവാച്യമായ ഏതോ ഒരാനന്ദചിന്തയാൽ തികച്ചും പ്രഫുല്ലമാണു് ഇ

ണ്ടു്

Digitized By Kerala Sahitya Akademi

അവരുടേയും മുഖം. മാദകമായ ഒരു പരിമളം, സ്വർഗ്ഗത്തിലെ സ്വപ്നംപോലെ അവിടെയാകമാനം പ്രസരിച്ച് അവരെ കോൾമയിർക്കൊള്ളിക്കുന്നു. ഒരു ഭാഗത്തു മന്ദമായി മൂളികൊണ്ടു നൃത്തംചെയ്യുന്ന വേണുമതിയിലെ കല്ലോലങ്ങൾ........]

ദേവയാനി

കുമാരാ, അതാ നോക്കൂ!—കുമാരന്റെ സമാഗമംമുതൽ എന്റെ ഹൃദയംപോലെ പുളച്ചൊഴുകുന്ന വേണുമതിയിൽ, വിടർന്നുനില്ക്കുന്ന ആ ചെന്താമരപ്പൂക്കൾക്കു പുറവും, രണ്ടു ചിത്രശലഭങ്ങൾ, ഉടലെടുത്ത പ്രതീക്ഷകൾപോലെ, എത്ര കുതൂഹലത്തോടെ വട്ടമിട്ടു പറന്നു കളിക്കുന്നു!

കചൻ

ദേവീ, എന്റെ നിറംപിടിച്ച ആശകളെപ്പോലെ മനോഹരങ്ങളാണ് അവ.

അതിനുമകലെ നോക്കൂ, പൂത്തുപൂത്തുല്ലസിക്കും
ചിതമുടയ വനങ്ങൾക്കപ്പുറം നീലവിണ്ണിൽ,
ധൃതപുളകകളിത്തൊട്ടെത്തിനോക്കിക്കുണുങ്ങി-
ക്കുതുകമൊടു ചിരിപ്പൂ വെൺമുകിൽപ്പെൺകിടാങ്ങൾ!



Digitized By Kerala Sahitya Akademi

ദേവയാനി

അതേ, അതേ; കുമാരനെപ്പോഴും ആ സ്വപ്നത്തെക്കുറിച്ചു ള്ള ചിന്തമാത്രമേയുള്ളൂ. കാണുന്നതെല്ലാം അവിടത്തെ അപ്സരസ്സുകളായിരിത്താനും!

കചൻ

കഷ്ടം! ദേവീ, ഇതാ എന്റെ സ്വപ്നമല്ലേ, ഇവിടെ, എന്റെ അടുത്തുതന്നെ മന്ദഹസിച്ചുകൊണ്ടിരിക്കുന്നതു്? പിന്നെന്തിനിങ്ങനെ മുള്ളുവാക്കുകൾ പറയുന്നു?

കല്യാണി, നീയരികിലിരിപ്പതുമല്ലസിക്കെ-
പ്പില്ലാണെനിക്കു സുരലോകസുഖാനുഭോഗം
ഉല്ലാസദേ, കചനു, നിൻപ്രണയാർദ്രചിത്ത-
മല്ലാതെ വേണ്ടുലകിൽ മറെറാരു ഭാഗധേയം!

ദേവയാനി

അതെന്നേ ഞാൻ കുമാരന്റെ പാദങ്ങളിൽ സമർപ്പിച്ചുക ഴിഞ്ഞു! അവിടുന്നിനിയും സംശയാലുവാണോ, എന്റെ സ്നേഹത്തിൽ? അങ്ങയെ ആദ്യമായിക്കണ്ട നിമിഷംമു തൽ എന്റെ ഹൃദയം അങ്ങേയ്ക്കധീനമായിക്കഴിഞ്ഞു!

കചൻ

അതെനിക്കറിയാം, ദേവി! ആ മനോഹരമായ സായാ ഹ്നം, എന്റെ സൗഭാഗ്യത്തിന്റെ സൂര്യോദയമായിരു ന്നു. അതെങ്ങനെ മറക്കാനൊക്കും?



Digitized By Kerala Sahitya Akademi

വീണയ്ക്കൊത്ത മൃദുസ്വനത്തിലമൃതം
　　വർഷിച്ചു, ഭഗ്നാശയിൽ-
ത്താണല്ലൽപ്പെട്ടമെന്നിൽ വീണ്ടുമുണർവാ-
　　റാടിച്ച ചൈതന്യമേ,
കാണപ്പെട്ടൊരുദാരതേ, കനിവിനു-
　　ള്ളാകാരമേ, മാമക-
പ്രാണൻപോലു,മിതാ, ഭവൽപദയുഗ-
　　ത്തിങ്കൽ സമർപ്പിപ്പു ഞാൻ!

ദേവയാനി

വരൂ, കുമാരാ, ഈ വള്ളിയിന്മേൽ എന്റെ അടുത്തു വന്നിരിക്കൂ........ അല്പനേരം നമുക്കു് ഒന്നിച്ചിരുന്നു് ഊഞ്ഞാലാടാം!

കചൻ

അങ്ങനെതന്നെ.

[കചൻ എഴുന്നേററുചെന്നു ദേവയാനിയോടൊപ്പമിരുന്നാടുന്നു.]

ദേവയാനി

കുമാരാ,' നമ്മുടെ ചുററുമുള്ള പ്രകൃതിവിലാസം എത്ര രമണീയമായിരിക്കുന്നു! അതിനെ വർണ്ണിച്ചുകൊണ്ടു് ഒരു പാട്ടു പാടൂ........



Digitized By Kerala Sahitya Akademi

കചൻ

ദേവിതന്നെയാകട്ടെ. ആ മധുരാലാപം നിലാവുനിറഞ്ഞ എത്രയെത്ര രാത്രികളിൽ എൻെറ ഏകാന്തതകളെ പുള കംകൊള്ളിച്ചു! ഏതോ അജ്ഞാതമേഖലകളിലേയ്ക്ക് ആ ത്മാവിനെ ആവഹിച്ചുകൊണ്ടുപോകുന്ന അദമ്യമായ അ തിൻെറ മായാശക്തി! ഹാ, ദേവീ, എൻെറ ഹൃദയം വെ മ്പുകയാണ്; ഒന്നു പാട്ടി........

ദേവയാനി

എന്തിനിങ്ങനെ മുഖസ്തുതി പറയുന്നു? കുമാരനെപ്പോലെ മധുരമായി പാടാൻ എനിക്കു വശമില്ല. ആകാശത്തിൻെറ ശബ്ദമാണത്; എൻേറതാകട്ടെ, മണ്ണിൻേറയും!........മ ണ്ണിൻെറ എന്തും മടുപ്പിക്കുന്നതല്ലേ?

കചൻ

എന്നെനിക്കു തോന്നുന്നില്ല; അനുഭവം നേരേ മറിച്ചാണ് എന്നെ പഠിപ്പിക്കുന്നതും.

ദേവയാനി

അനുഭവം വളരട്ടെ; അങ്ങയുടെ അഭിപ്രായം താനേ മാ റിക്കൊള്ളും!........അതെന്തെങ്കിലുമാകട്ടെ. നമ്മുടെ പ്രായ വും, അടുപ്പവും, ഈ സന്ദർഭവും മുരടിച്ച തത്വചിന്തകൾ ക്കുള്ളതല്ല........പാട്ടു, ആദ്യം കുമാരൻതന്നെ പാട്ടു; എ ന്നിട്ടാകാം ഞാൻ.



Digitized By Kerala Sahitya Akademi

കചൻ

അല്ല, ദേവിതന്നെ പാടിയാൽ മതി........

ദേവയാനി

ആട്ടെ, എന്നാൽ നമുക്കൊന്നിച്ചു പാടാം.

കചൻ

ശരി, അങ്ങനെതന്നെ.......പക്ഷേ, ദേവി വേണം തുടങ്ങാൻ........

ദേവയാനി

എന്തു കാര്യത്തിലും ഈ വാശിതന്നെ വാശി!—ഞാൻതന്നെ തോറദ്യ, സമ്മതിച്ചേയ്ക്കാം! എന്താ പോരേ?

[പാടുന്നു]

ശ്രീലസ്നിഗ്ദ്ധനിതാന്തനിർമ്മലമതാ
രാജിപ്പൂ നീലാംബരം;

കചൻ [തുടർന്നു പാടുന്നു]

ബാലേ, മുഗ്ദ്ധസരസ്സിൽ നിൻമിഴികൾപോൽ
മിന്നുന്നിതിന്ദീവരം;

ദേവയാനി [തുടരുന്നു]

ശാലേയാനിലനെത്തിയാത്തകുതുകം
വീശുന്നിതാ ചാമരം;

കചൻ [തുടരുന്നു]

ചാലേ പച്ചമരങ്ങൾ നിൻമൊഴികൾപോൽ
തൂകുന്നിതാ മർമ്മരം!



Digitized By Kerala Sahitya Akademi

ദേവയാനി

കുമാരനെപ്പോഴും എന്നെ കളിയാക്കുന്നതാണിഷ്ടം....ആ ട്ടെ, നമുക്കു കുറച്ചുകൂടി പാടാം!........

മലമുകളിൽ പൊങ്ങുന്ന ഭാനുബിംബം

കചൻ

മലർനിരയിൽത്തങ്ങുന്ന മത്തഭൃംഗം.

ദേവയാനി

കളിരലകൾ മീട്ടുന്ന വല്ലകികൾ

കചൻ

കുസുമിതകളാടുന്ന വല്ലികകൾ.

ദേവയാനി

കുറുമൊഴികൾ ചൂടുന്ന പൂങ്കുലകൾ

കചൻ

കുയിലിണകൾ പാടുന്ന കാകളികൾ.

ദേവയാനി

[വനത്തിൻെറ ഒരു ഭാഗത്തേയ്ക്കു ചൂണ്ടിക്കാണിച്ചിട്ട്]

ആടലററാ മരക്കൊമ്പത്തു തത്തിനി-
ന്നാടുന്നിതാൺമയിൽ ചാലേ!

കചൻ

കാമനേ, നിൻമിഴിക്കോണുതിർമിന്നലിൽ
മാമകമാനസംപോലേ!



Digitized By Kerala Sahitya Akademi

ദേവയാനി

[ലജ്ജാമധുരമായ മന്ദസ്മിതത്തോടെ]

അ,ല്ലപ്സരസ്സുകളൊന്നിച്ചു മേളിച്ച
ചെല്ലസ്മൃതികളെപ്പോലെ!

കചൻ

അല്ലല്ല, മോഹിനി, നീ കൊളുത്തീട്ട,മെൻ-
ഫുല്ലപ്രതീക്ഷകൾപോലെ.

ദേവയാനി

[മറ്റൊരിടത്തേയ്ക്കു ചൂണ്ടിക്കാണിച്ചുകൊണ്ടു്]

അപ്പനീർപ്പൂവിനടുത്തടുത്തേയ്ക്കൊരു
ഷൾപ്പദം പോവതു കണ്ടോ?

കചൻ

അപ്പൂവി,നെന്നാ,ലടുത്തതു ചെന്നിട്ട-
മപ്രിയമല്പവുമുണ്ടോ?

ദേവയാനി

ദൂരത്തു ദൂരത്തുനിന്നു പറന്നതിൻ
ചാരത്തതെന്തിനു ചെന്നു?

കചൻ

വെമ്പിപ്പറന്നതു പോകും വഴിക്കതിൻ
മുമ്പിലതെന്തിനു നിന്നു?



Digitized By Kerala Sahitya Akademi

ദേവയാനി

ഒപ്പത്തിനൊപ്പം പറയാൻ പഠിപ്പിച്ച-
* തപ്സരകന്യകളാണോ?

കചൻ

ഒപ്പത്തിനൊപ്പം പറയാം, ഒരാൾക്കിനി-
യപ്സരകന്യകൾ വേണോ?

ദേവയാനി

[ദൂരത്തേയ്ക്കു ചൂണ്ടിക്കാണിച്ച്]

അങ്ങോട്ടു നോക്കിയാലെന്തു കാണാം?

കചൻ

ആയിരം കാടുകൾ പൂത്തു കാണാം.

ദേവയാനി

പൂവണിക്കാട്ടിൽനിന്നെന്തു കേൾക്കാം?

കചൻ

പൂവേണി, പൈങ്കിളിക്കൊഞ്ചൽ കേൾക്കാം.

ദേവയാനി

പൈങ്കിളിക്കൊഞ്ചൽ കേട്ടെന്തു തോന്നി?

---

* സംഗീതത്തെ സന്തോഷിപ്പിക്കാൻ വിസർഗ്ഗത്തെ വിട്ടുകള ഞ്ഞു—മാപ്പ്!



Digitized By Kerala Sahitya Akademi

കചൻ

തങ്കമേ, നിൻമൊഴിയെന്നു തോന്നി.

ദേവയാനി

ഇന്ദ്രസദസ്സിലെക്കന്യകമാർതൻ
സുന്ദരാലാപമാണെന്നു തോന്നി!

കചൻ

ഇന്ദ്രപുരത്തിലുമില്ലൊരൊററ-
സ്സുന്ദരിപോലുമെന്നോമലേപ്പോൾ!

ദേവയാനി

[ലീലാലോലസയായി—ചൂണ്ടിക്കാണിച്ചുകൊണ്ടു്]

ആടിച്ചെന്നാരാരപ്പൂ പറിക്കും?

കചൻ

ചൂടിക്കാനാശിപ്പോനായിരിക്കും!

[മുമ്പിൽ, തെല്ലകലെ, അല്പം ഉയരത്തിൽ മനോഹരമായ ഒരു പുഷ്പം. ആട്ടം മുറുകുന്നു. പുഷ്പത്തോടു സമീപിക്കുമ്പോൾ ഇരുവരും കൈ നീട്ടുന്നു. കിട്ടുന്നില്ല. ചിരിയിൽ കുഴഞ്ഞ വാശിയോടുകൂടിയ മത്സരം മുറുകുന്നു. ഒടുവിൽ, കചൻ ജയിച്ചു. ദേവയാനിയുടെ കവിൾത്തടങ്ങൾ ലജ്ജാവിവർണ്ണമാകുന്നു. കചൻ സ്നേഹപൂർവ്വം, ദേവയാനിയെ ആ പുഷ്പം ചൂടിക്കുന്നു.]



Digitized By Kerala Sahitya Akademi

ദേവയാനി

ഈ വള്ളിമേലിരുന്നാടിയാടി

കചൻ

ജീവൻ പുളകങ്ങൾകൊണ്ടു മൂടി!

ദേവയാനി

കുമാരാ, ഞാൻ വല്ലാതെ ക്ഷീണിച്ചു!

കചൻ

[ആട്ടം നിർത്തിയിട്ട്]

എങ്കിൽ, വേണുമതിയിൽനിന്നു ചെന്താമരപ്പൂക്കൾ പറി-
ച്ചുകൊണ്ടുവന്നു്, ഈ വള്ളിക്കുടിലിൽ വിരിച്ചു്, അതിൽ
ഞാനെന്റെ ദേവിയെ വിശ്രമിപ്പിക്കാം.

[വള്ളിയിൽനിന്നു താഴെ ചാടിയിറങ്ങുന്നു.]

ദേവീ, ഒരു നിമിഷം, ഞാനിതാ വന്നുകഴിഞ്ഞു.

[പോകുന്നു]

ദേവയാനി

അമരനന്ദനവനികകൾ വിട്ടെ-
ന്നരികിലെത്തിയ കിരണമേ,
പരിചിലെൻപൂർവ്വസുകൃതമേകിയ
പരമസായൂജ്യസ്വരണമേ,
ഭരിതകൗതുകം ഭജനലോലമെൻ-
ഹരിതയൗവനമെതിരേല്പൂ!
തണൽപാകിപ്പാകിത്തളിർവിരിക്കാവൂ
തവ സരണിയിൽ വിജയങ്ങൾ!



Digitized By Kerala Sahitya Akademi

[കൈനിറയെ വിടൎന്ന താമരപ്പൂക്കളും ഇലകളുമായി
കചൻ മടങ്ങിയെത്തുന്നു]

ഞാനധികം വൈകിയില്ലല്ലോ, ഉണ്ടോ, ദേവി?

ദേവയാനി

ഇല്ല, കുമാരാ, കുമാരൻ വേഗത്തിൽ തിരിച്ചെത്തി.

[ലതാഗൃഹത്തിൽ കചൻ ശയനീയം സജ്ജമാക്കിയിട്ട്]

എന്നാൽ വരൂ, ദേവീ, ഇതിൽ വന്നു വിശ്രമിക്കൂ!

ദേവയാനി

ഈ വള്ളിയിന്മേൽനിന്നു ചാടിയിറങ്ങാൻ എനിക്കു വയ്യ.
കുമാരൻ ഒന്നെന്നെ താഴെ ഇറക്കിവിടൂ!

കചൻ [അപ്രകാരം ചെയ്തിട്ട്]

കഷ്ടം, എന്റെ ദേവി വല്ലാതെ ക്ഷീണിച്ചിരിക്കുന്നല്ലോ.

ദേവയാനി

സാരമില്ല. കുമാരന്റെ മടിയിൽ തല വെച്ച് അല്പനേരമങ്ങനെ കിടക്കുമ്പോഴേയ്ക്കും എന്റെ ക്ഷീണമൊക്കെപ്പോ ചാറക്കയില്ലേ?

തവാംഗുലിസ്പൎശവു,മിത്തളിൎത്ത
തരുക്കളിൽത്തത്തുമിളംമരുത്തും
തരുന്ന രോമാഞ്ചമണിഞ്ഞ മെയ്യിൽ-
ത്തളൎച്ച പിന്നെങ്ങനെ തങ്ങിനില്ക്കും?........



Digitized By Kerala Sahitya Akademi

[വള്ളിക്കുടിലിൽ, കചൻെറ മടിയിൽ തലയുംവെച്ചു
ദേവയാനി സുഖശയനം ചെയ്യുന്നു]

ദേവയാനി

ഇടതിങ്ങിയ കാട്ടുപിച്ചക-
ച്ചെടി മൊട്ടിട്ടിടുമീ നികുഞ്ജകം
ചുടുവെയ്ലിൽ നിതാന്തശീതള-
സ്ഥമാം പൂന്തണലിൻ നികേതനം.

ആട്ടെ, കുമാരാ, എന്നോടു വാസ്തവം പറയൂ; അനേകമനേകം നിറംപിടിച്ച മോഹങ്ങൾ നിറഞ്ഞുനില്ക്കുന്ന ഭാവിയെപ്പോലെ ആകർഷകമായി പരിലസിക്കുന്ന ഈ പച്ചക്കാടുകളും ലജ്ജയാൽ അമർത്തപ്പെട്ട മൂകമായ വികാരതീക്ഷ്ണതപോലെ അടങ്ങിയൊതുങ്ങി അണിനിരന്നുനില്ക്കുന്ന ഈ കുന്നുകളും അങ്ങയ്ക്കു പ്രിയകരമായിത്തോന്നുന്നുണ്ടോ?

കചൻ

തോന്നുന്നുണ്ടോ എന്നോ, ദേവി?—കഷ്ടം!

പച്ചക്കാടുപുതച്ചൊരീ മലകളും
പാടുന്ന പൂഞ്ചോലയും
സ്വച്ഛന്ദം കളധാരപെയ്തു സസുഖം
വാഴും വിഹംഗങ്ങളും;



Digitized By Kerala Sahitya Akademi

അച്ഛശ്രീകലരുന്ന പൊയ്കകളും........

[വേണുമതീതടത്തിലേയ്ക്കു ചൂണ്ടിക്കാണിച്ചുകൊണ്ട്]

ആപ്പേരാലും............

[ഏതോ അനുഭൂതിയിൽ ലയിക്കുന്ന ക്ഷണികമായ
ധ്യാനാത്മകതയോടെ]

............ആത്മാവിനെ-

ന്തച്ഛിന്നോത്സവദായകങ്ങൾ!...........

[വികസിതനേത്രങ്ങളോടെ ദേവയാനിയെ
സസ്മിതം ആശ്ലേഷിച്ചുകൊണ്ട്]

.................................അവയെ

സ്നേഹിപ്പു ഞാ,നോമലേ!

[അല്പസമയത്തെ പുളകാങ്കിതമായ മൗനം]

ദേവയാനി

[അനുഭൂതിയുടേയും ആശങ്കയുടേയും കലപ്പുള്ള
ഒരു നെടുവീർപ്പോടുകൂടി]

എങ്കിലും, കുമാരാ, ആ സ്വർഗ്ഗത്തിലെ നന്ദനോദ്യാന-
ത്തോളം അവിടുത്തേയ്ക്കാകർഷകമാണോ അസുരസങ്കേതമാ-
യ ഈ കാട്ടിൻപുറം?

കചൻ

[നേരിയ പരിഭവസ്വരത്തിൽ]

അതാ, ദേവി പിന്നേയും ആ പഴയ പല്ലവിതന്നെ എടു-
ത്തല്ലോ! ഇതിനകം എത്ര പ്രാവശ്യം ഞാനെൻെറ ദേവി!



Digitized By Kerala Sahitya Akademi

യോടു പറഞ്ഞിട്ടുണ്ടു്, എനിക്കാ സ്വർഗ്ഗത്തേക്കാൾ പ്രിയപ്പെട്ടതാണു് ഈ വനപ്രദേശമെന്നു്!!........

ദേവയാനി

എന്നെന്നേയ്ക്കുമായി ഈ വനമണ്ഡലത്തോടിങ്ങനെ ബന്ധപ്പെട്ടാൽ, വല്ല കാലത്തും അങ്ങേയ്ക്കു പശ്ചാത്തപിക്കേണ്ടിവന്നാലോ?

കചൻ

ഇല്ല ദേവി, ഒരുകാലത്തുമില്ല. ഈ വനമണ്ഡലം—ഇതെനിക്കു് എന്റെ ആത്മാവിനേക്കാൾ പ്രിയതരമാണു്. ഭവതിയുടെ ഹൃദയംപോലെ സദാ മന്ദഹസിച്ചുകൊണ്ടിരിക്കുന്ന പുഷ്പങ്ങളും, കമനീയമായ കമലകോരകംപോലെ പരിമൃദുലമായ ആ കാലിണയെ വിട്ടുമാറാതെ കെട്ടിപ്പിടിച്ചുകൊണ്ടിരിക്കുന്ന കനകനൂപുരങ്ങളോടു മത്സരിച്ചുകൊണ്ടു കളകൂജനം ചെയ്യുന്ന പക്ഷികളും നിറഞ്ഞ ഈ വനമേഖലയിൽ എന്റെ സ്വർഗ്ഗത്തേക്കാൾ സുഖദായകമായ മറെറാരു സ്വർഗ്ഗം എനിക്കു ലഭിച്ചുകഴിഞ്ഞു. ഇല്ല, ദേവീ, ഒരുകാലത്തും എനിക്കു പശ്ചാത്തപിക്കേണ്ടിവരില്ല!........

ദേവയാനി

എന്റെ ഹൃദയം തുളുമ്പുന്നു, കുമാരാ!—ഈ നിർവൃതിക്കു ഞാൻ എന്തു പുണ്യം ചെയ്തു? എന്റെ സ്വർഗ്ഗം!—ഈ



Digitized By Kerala Sahitya Akademi

ആത്മവിസ്മൃതിയിൽ, ഇതാ എൻെറ കണ്ണുകൾ താനേ അടഞ്ഞുപോകുന്നു. ഞാൻ അല്പമൊന്നുറങ്ങട്ടെ!........

കചൻ

ദേവി സുഖമായി കിടന്നുറങ്ങിക്കൊള്ളൂ! ഞാൻ ഇവിടെ ദേവിയുടെ സമീപം ഇങ്ങനെയിരുന്നുകൊള്ളാം.

[ദേവയാനി മെല്ലെമെല്ലെ നിദ്രയിൽ ലയിക്കുന്നു]

കചൻ

[അവളുടെ നെററിയിൽ ഉതിർന്നലഞ്ഞു കിടക്കുന്ന അളകങ്ങൾ മന്ദമന്ദം തടവിക്കൊണ്ട്]

കാപട്യം കലരാത്ത പിഞ്ചുഹൃദയം
ബിംബിച്ച, ഭ്യൂഷശ്ശാന്തിപോൽ
സ്വാപം പൊൻപൊടി പൂശുമിസ്സരസിജ-
ശ്രീയാന്നൊരോമന്മുഖം,
ആപന്നോന്മദമിന്നു നിന്നെയലിവാർ-
ന്നാലംബമാക്കീടുവാൻ
നീ പുണ്യം പറകെന്തു ചെയ്തിതമമെ-
ന്നങ്കസ്ഥലീരംഗമേ!

ഇതെന്തു സൗന്ദര്യം! അപ്സരസ്സുകളുടെ ആവാസരംഗമായ എൻെറ സ്വർഗ്ഗത്തിൽപ്പോലും ഇങ്ങനെയൊരു ദിവ്യമോഹിനിയെ ഞാൻ കണ്ടിട്ടില്ല. ഈ ബാലികയിൽ ഞാനറിയാതെതന്നെ അലിഞ്ഞുചേരുന്നു എൻെറ ഹൃദയം. ഹാ, എന്തു നിഷ്കളങ്കത! എനിക്കുവേണ്ടി എന്തു ചെയ്യുവാ



Digitized By Kerala Sahitya Akademi

നം ഇവൾ സദാ സന്നദ്ധയായിരിക്കുന്നു. ആകാരമാധു-
രിയും ഹൃദയസൗന്ദര്യവും ഒരിടത്തുതന്നെ ഇങ്ങനെ ക-
ത്തിണങ്ങിച്ചേരുമോ? ത്യാഗസമ്പൂൎണ്ണമായ സ്ത്രീഹൃദയ
ത്തിന്റെ മാധുൎയ്യം ഇപ്പോഴാണ് ഞാൻ അറിയുന്നത്.

വെള്ളത്താമരപോൽ വിശുദ്ധി വഴിയും
സ്ത്രീചിത്തമേ, ജീവിതം
പൊള്ളുമ്പോളമൃതം തളിച്ച തടവും
സത്സാന്ത്വനസ്വപ്നമേ,
മുള്ളേററു മുറിഞ്ഞു രക്തമൊഴുകു-
മ്പോഴും പുമാനന്മദ-
ത്തള്ളിച്ചയ്ക്കു ചിരിച്ചിടും സഹനതാ-
സങ്കേതമേ, വെൽവു നീ!!

ഇതാ, അലഞ്ഞു തളൎന്ന വെൺമേഘശകലം ഗിരിതട-
ത്തെ എന്നപോലെ, എന്റെ അങ്കതലത്തെ ആശ്രയിച്ച്;.

അല്പം വിടൎന്നൊരരുണാധരപല്ലവത്തിൽ-
പ്പൊൽപ്പൂവിനൊത്ത പുതുപുഞ്ചിരി വെള്ളവീശി,
ഉല്പന്നമായ നെടുവീൎപ്പി,ലിടയ്ക്കു, മാൎത്ത-
ട്ടല്പാല്പമൊന്നിളകി, നീ സുഖനിദ്ര ചെയ്യൂ!

ദേവീ, ഉറങ്ങൂ, സുഖമായിക്കിടന്നുറങ്ങിക്കൊള്ളൂ! അ-
യ്യോ!—വെയിലുലച്ച തൈമാന്തളിർപോലെ വാടിത്തള
ൎന്ന ഭവതിയുടെ ശരീരം വല്ലാതെ വിയൎക്കുന്നുണ്ടല്ലോ! വ-
നത്തിലെ വള്ളിക്കുടിലിലിരുന്നിട്ടറിയുന്നില്ല; എന്തുഗ്രമാ-



Digitized By Kerala Sahitya Akademi

യ വെയിലാണു്! ഞാൻ പൂക്കൾ പറിച്ചു പോരുമ്പോൾ തന്നെ വേണ്ടുമതീതടം ചുട്ടുപഴുക്കാൻ തുടങ്ങി. പരാഗ സുരഭിലമായ മന്ദാനിലൻേറയും മട്ടു മാറി. ഇതാ എൻെറ ദേവിയുടെ നെററിത്തടത്തിൽ ശുക്ലപൌർണ്ണമീസമക്ഷം ചന്ദ്രകാന്തമണികളെപ്പോലെ, സേ്വദകണങ്ങൾ പൊടിഞ്ഞലിയുന്നു. ഈ താമരയിതളാൽ ഞാനിതു തുടച്ചു കളയട്ടെ!........

[ അങ്ങനെ ചെയ്യുന്നു]

ഇനി,

ഒത്താനുമോദം ശിശിരാർദ്രമാമീ
നൽത്താമരപ്പച്ചില വീശിവീശി,
ഉത്തേജകേ, നീയുണരുമ്പൊഴേയ്ക്കു-
മിത്താപജായാസമകററുവൻ ഞാൻ.

[വീശുന്നു]

[ഒരു നേരിയ കാററു തട്ടി വള്ളിക്കുടിലിൽ തളിർച്ചില്ലകൾ ഉലയുകയും കൊച്ചു പുഷ്പങ്ങൾ ദേവയാനിയുടെ മുഖത്തു് അടന്നു വീഴുകയും ചെയ്യുന്നു]

ദേവയാനി

അയ്യോ, കുമാരാ! എൻെറ കുമാരാ!....അങ്ങെവിടെ?........ അയ്യോ, അങ്ങെവിടെ?........

കചൻ

എന്തു ദേവി?—ഞാനിതാ ദേവിയുടെ അടുത്തുതന്നെയുണ്ടല്ലോ!........എന്തേ ഇങ്ങനെ ഞെട്ടിയുണരുന്നതു്?



Digitized By Kerala Sahitya Akademi

ദേവയാനി

[അല്പനേരത്തെ മൗനം..........ആശങ്കാത്മകമായ ഒരു വീക്ഷണം ചുററും നടത്തിയിട്ടു് ഒടുവിൽ കചന്റെ മുഖത്തു നോക്കി ഒരാശ്വാസനിശ്വാസം വിട്ടുകൊണ്ടു്]

ഓ! ഒന്നുമില്ല. ഞാൻ ഒരു ദുസ്വപ്നം കണ്ടു. അസുരന്മാർ എന്റെ ജീവനുംജീവനായ കുമാരനെ—അയ്യോ!—അതു പോട്ടെ, സാരമില്ല; വെറും ഒരു സ്വപ്നം. അതിനൊരർത്ഥവുമില്ല........എന്നാലും........എന്റെ ഹൃദയം വല്ലാതെ മിടിക്കുന്നു........ഛേയ്, വെറും വിഡ്ഢിത്തം!........എന്നാലും എന്റെ കുമാരാ, എന്നിൽ ജീവൻ തങ്ങിനില്ക്കുന്നിടത്തോളം കാലം എന്റെ കുമാരനു യാതൊരാപത്തും വരികയില്ല........ഇല്ലെങ്കിലും, ഛേയ്, അതൊന്നും സംഭവിക്കയില്ല. എന്റെ അച്ഛൻ!—അദ്ദേഹത്തിന്റെ ആ നിഗൂഢവും ദിവ്യവുമായ ശക്തി!—അദ്ദേഹത്തിന്റെ ആത്മവത്സലയ്ക്കോ ആപത്തു്! സ്ത്രീസഹജമായ ഭീതിമാത്രമാണെന്റേതു്!—അതെല്ലാം പോട്ടെ, ഞാനെന്തുമാത്രം ഉറങ്ങി?

[ദൂരേക്കു നോക്കിയിട്ടു്]

അച്ഛാ, നേരം ഏതാണ്ടു മദ്ധ്യാഹ്നമാകാറായല്ലോ! അതാ, വേണമതീതടത്തിലെ വെള്ളാരങ്കല്ലുകൾ ആദിത്യന്റെ തീക്ഷ്ണമായ കിരണങ്ങളേററു മരീചികാസദൃശമായ ഒരു മയൂഖമണ്ഡലം സൃഷ്ടിച്ചുതുടങ്ങി! കഷ്ടം!—കുമാരനു വല്ലാ



Digitized By Kerala Sahitya Akademi

തെ വിശന്നിരിക്കും. ഈ വള്ളിക്കുടിലിൽത്തന്നെ ഇരിക്കു! ഞാൻ ആശ്രമത്തിൽപ്പോയി ക്ഷണത്തിൽ ആഹാരം കൊണ്ടുവരാം.

കചൻ

ദേവി ബുദ്ധിമുട്ടേണ്ട. ദേവിയുമൊന്നിച്ചു ഞാനും വരാം ആശ്രമത്തിലേയ്ക്കു്.

ദേവയാനി

എനിക്കു ബുദ്ധിമുട്ടോ, കുമാരാ? ഇങ്ങനെ പറയാതിരിക്കൂ! എൻെറ പ്രാണനും പ്രാണനായ കുമാരനുവേണ്ടി എന്തിനും സന്നദ്ധയായ എനിക്കു ബുദ്ധിമുട്ടോ?— പക്ഷേ കുമാരനെ വിട്ടുപിരിഞ്ഞു് അരനിമിഷംപോലും തനിച്ചു കഴിച്ചുകൂട്ടുക എനിക്കു സാദ്ധ്യമല്ല. അതുംപോരെങ്കിൽ!— അയ്യോ! എൻെറ സ്വപ്നം!— എല്ലാ മാസത്തിലും ശുക്ലപൗർണ്ണമിദിവസം ഞാൻ ആരാധിക്കുന്ന വനദേവതകൾ എനിക്കു നല്കിയ ഒരു മുന്നറിവാണതു്! കുമാരൻ സൂക്ഷിക്കണം!—കുമാരനെ ആപത്തുകൾ ആക്രമിക്കുവാൻ തക്കം നോക്കിക്കാത്തിരിക്കയാണു്.

പക്ഷേ, കുമാരൻ അതു വിചാരിച്ചു ഭീതിപ്പെടേണ്ട. ഞാനുള്ളിടത്തോളംകാലം എൻെറ കുമാരനു് ഒരാപത്തും വരികയില്ല. എങ്കിലും, സൂക്ഷിക്കേണ്ടതു നാം സൂക്ഷിക്കണം. വെയിലത്തു് എൻെറ കുമാരനെ നടത്തുന്നതിലുള്ള ഖേദംനിമിത്തം ഞാൻ ആദ്യമങ്ങനെ പറഞ്ഞുപോയി



Digitized By Kerala Sahitya Akademi

ദേവയാനി

എന്നേ ഉള്ളൂ. വിജനമായ ഈ വനാന്തത്തിൽ കുമാരൻ തനിച്ചിരിക്കേണ്ട. നമുക്കൊന്നിച്ചുതന്നെ പോകാം!

കചൻ

അങ്ങനെതന്നെ.

[വേണുമതീതീരത്തേയ്ക്കു ചൂണ്ടിക്കാണിച്ചുകൊണ്ടു്]

പച്ചപ്പുൽത്തകിടിപ്പുറപ്പുകൾ വെടി-
ഞ്ഞോതാടിക്കിത,ച്ചുഗ്രമാ-
മുച്ചച്ചൂടിൽ വലഞ്ഞു, പൈക്കളുഭയം
തേടീ വടച്ഛായയിൽ!
ഉച്ചണ്ഡാതപദണ്ഡിതാണ്ഡജകുലം
പുാകീണ്ണുപണ്ണോല്ക്കര-
പ്രച്ഛന്നസ്തിമിതാംഗമായി മരുവീ
വൃക്ഷാഗ്രനീഡങ്ങളിൽ!

ദേവീ!—വെയിൽ അതികഠിനമായിരിക്കുന്നു. ദേവിക്കു ചല്ലാത്ത ക്ഷീണവുമുണ്ടു്. ഞാൻ കൈപിടിച്ചുകൊള്ളാം!........മരത്തണലുകളിലൂടെ മെല്ലെമെല്ലെ നടന്നു നമുക്കു് ആശ്രമത്തിൽ ചെന്നുചേരാം!........

[ഇരുവരും കൈകോർത്തുപിടിച്ചുകൊണ്ടു നടന്നു പോകുന്നു]

—1115 എടവം.



Digitized By Kerala Sahitya Akademi

# ചങ്ങമ്പുഴയുടെ കൃതികൾ

| | ക. | നപ. |
|---|---|---|
| രമണൻ | 1 | 50 |
| ദേവഗീത | 2 | 00 |
| സ്പന്ദിക്കുന്ന അസ്ഥിമാടം | 2 | 00 |
| അപരാധികൾ | 1 | 00 |
| ദിവ്യഗീതം | 1 | 50 |
| ഓണപ്പൂക്കൾ | 1 | 00 |
| ബാഷ്പാഞ്ജലി | 1 | 50 |
| രക്തപുഷ്പങ്ങൾ | 1 | 25 |
| സങ്കല്പകാന്തി | 1 | 25 |
| ആകാശഗംഗ | 1 | 00 |
| കളിത്തോഴി | 2 | 50 |
| വത്സല | 0 | 50 |
| ആരാധകൻ | 0 | 50 |
| മോഹിനി | 0 | 50 |
| ദേവത | 0 | 50 |
| തിലോത്തമ | 0 | 50 |
| കലാകേളി | 0 | 75 |
| ശ്രീതിലകം | 1 | 00 |
| ചൂഡാമണി | 1 | 00 |
| കരടി | 0 | 50 |
| വിവാഹാലോചന | 0 | 50 |
| അനശ്വരഗാനം | 0 | 50 |
| യവനിക | 1 | 50 |
| ഹേമന്തചന്ദ്രിക | 1 | 50 |
| സാഹിത്യചിന്തകൾ | 1 | 00 |
| നിർവൃതി | 0 | 50 |
| ദേവയാനി | 0 | 50 |
| മഞ്ഞക്കിളികൾ | 1 | 00 |

Digitized By Kerala Sahitya Akademi

# ചങ്ങമ്പുഴ കൃതികൾ (തുടർച്ച്)

| | ക. | നപ. |
|---|---|---|
| കല്ലോലമാല | 1 | 25 |
| മൌനഗാനം | 1 | 00 |
| നിർവ്വാണമണ്ഡലം | 0 | 75 |
| അസ്ഥിയുടെ പൂക്കൾ | 0 | 75 |
| പാടുന്ന പിശാച് | 1 | 50 |
| മദിരോത്സവം | 2 | 00 |
| സ്വരരാഗസുധ | 2 | 00 |
| ഉദ്യാനലക്ഷ്മി | 1 | 12 |
| മണിവീണ | 0 | 75 |
| മാനസേശ്വരി | 0 | 37 |
| മയൂഖമാല | 0 | 56 |
| സുധാംഗദ | 0 | 94 |
| അമൃതവീചി | 0 | 75 |
| പെല്ലീസ്സും മെലിസാന്ദയും | 1 | 50 |
| മാനസാന്തരം | 1 | 50 |
| പ്രതികാരദുർഗ്ഗ | 2 | 50 |
| കഥാരത്നമാലിക | 1 | 12 |
| നീറുന്ന തീച്ചൂള | 1 | 25 |
| തളിർത്തൊത്തുകൾ | 1 | 00 |
| രാഗപരാഗം | 1 | 00 |
| ഹനേലെ | 1 | 50 |
| നർത്തകി | 0 | 50 |
| ശ്മശാനത്തിലെ തുളസി | 0 | 75 |
| [illegible] | 1 | 50 |
| ഇടപ്പള്ളി രാഘവൻപിള്ളയുടെ എല്ലാ കൃതികളുംകൂടി ഒരു വാല്യത്തിൽ | 5 | 00 |
| നവഭാവന (ശ്രീദേവി ചങ്ങമ്പുഴ) | 0 | 50 |
| വസന്തോത്സവം .... .... | 0 | 75 |
| ശിഥിലഹൃദയം (ചെറുകഥകൾ) | 1 | 00 |

മംഗളോദയം (പ്രൈവററ്) ലിമിററഡ്, തൃശ്ശിവപേരൂർ.

Digitized By Kerala Sahitya Akademi